I ഇ.ബി. XIV - കേരള നിയമസഭ /XI-4

# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജൂൺ 07, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I തിരുത്തിയ ഉത്തരം

നക്ഷത്ര ചിഹ്നമിടാത്ത 1021-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 28-04-2017-ലെ നക്ഷത്ര ചിഹ്നമിടാത്ത 1021-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അറിയിപ്പ്

<u>അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: 06-06-2018-ന് ചട്ടം 50 അനുസരിച്ചുള്ള നോട്ടീസിന് അനുമതി നിഷേധിച്ചത് സംബന്ധിച്ച് തെറ്റിദ്ധാരണാപരമായ പരാമർശങ്ങൾ ഉണ്ടായത് തികച്ചും നിർഭാഗ്യകരമാണ്. അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ടുള്ള നോട്ടീസിന്മേൽ ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും അടിസ്ഥാനത്തിലാണ് തീരുമാനമെടുക്കുന്നത്. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം സഭ ചർച്ച ചെയ്യുന്നത് ഉചിതമായിരിക്കില്ലെന്നതിനാലാണ് വരാപ്പുഴ കസ്റ്റഡി മരണം സംബന്ധിച്ച നോട്ടീസിന് അനുമതി നിഷേധിച്ചത്. അടിയന്തരപ്രമേയ നോട്ടീസിന് അവതരണാനുമതി നിഷേധിച്ച സംഭവങ്ങൾ സഭാചരിത്രത്തിലുണ്ട്. ചെയറിനെതിരെ യുക്തിസഹമല്ലാത്തതും അനുചിതവുമായ ആരോപണം ഉന്നയിക്കുന്ന പ്രവണത യോജിച്ചതല്ല.

## III അടിയന്തരപ്രമേയം

<u>പോലീസ് മർദ്ദനം</u>

<u>മി. സ്പീക്കർ</u>: പ്രവാസിയായ ഉസ്മാനെ അതിക്രൂരമായി പോലീസ് മർദ്ദിക്കുകയും പോലീസ് സ്റ്റേഷനിൽ തടഞ്ഞുവയ്ക്കുകയും കള്ളക്കേസിൽ കുടുക്കി മജിസ്ട്രേട്ടിന്റെ

മുൻപാകെ ഹാജരാക്കാൻ ശ്രമിക്കുകയും ചെയ്തതിനെത്തുടർന്നുണ്ടായ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അൻവർ സാദത്ത്, ടി. വി. ഇബ്രാഹിം, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 05-06-2018-ന് പോക്സോ കേസന്വേഷണവുമായി ബന്ധപ്പെട്ട് മഫ്തിയിൽ പോലീസുകാർ സഞ്ചരിച്ച സ്വകാര്യ വാഹനം നിർത്തിയിട്ടിരുന്ന സ്കൂട്ടറിൽ തട്ടിയതുമായി ബന്ധപ്പെട്ട് പോലീസ് ഡ്രൈവറെ ദോഹോപദ്രവമേൽപ്പിച്ചതിനെത്തുടർന്ന് ഉസ്മാൻ എന്ന യുവാവിനെ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയി. ഉസ്മാനെ ആലുവ ലക്ഷ്മി ആശുപത്രിയിലെ വിദഗ്ദ്ധ പരിശോധനയ്ക്കുശേഷം രാജഗിരി ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്ന അവസരത്തിൽ ഒരു സംഘം ആളുകൾ ആക്രമണം നടത്തുകയുണ്ടായി. പ്രസ്തുത സംഭവത്തിന്മേലും ഉസ്മാന്റെ മൊഴിയുടെ അടിസ്ഥാനത്തിലും നാല് പോലീസുകാരെയും പോലീസുകാരെ ദേഹോപദ്രവം ഏൽപ്പിച്ച സംഭവത്തിൽ ഉസ്മാനെയും പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഉസ്മാനെ മർദ്ദിച്ച സംഭവവുമായി ബന്ധപ്പെട്ട് എടത്തല പോലീസ് സ്റ്റേഷൻ എ.എസ്.ഐ.യെയും രണ്ട് സി.പി.ഒ.മാരെയും കളമശ്ശേരി എ.ആർ. ക്യാമ്പിലേയ്ക്ക് സ്ഥലംമാറ്റുകയും നാലുപേർക്കെതിരെ

വാച്യാന്വേഷണത്തിന് ജില്ലാ പോലീസ് മേധാവി ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. കേസുകളുടെ അന്വേഷണ ചുമതല ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.ക്കാണ്. പോലീസിന്റെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തീവ്രവാദ സ്വഭാവമുള്ള ചിലർ നടത്തിയ ആക്രമണങ്ങളെ പ്രതിപക്ഷം ന്യായീകരിക്കുന്നത് ശരിയല്ല. പോലീസിനെതിരെ തെറ്റായ പ്രചരണം നടത്തി നിയമ സംവിധാനം ദുർബലപ്പെടുത്താനാണ് ചിലർ ശ്രമിക്കുന്നത്. പോലീസ് സേനയെ ജനസൗഹൃദമാക്കുന്നതിനുള്ള നടപടി ശക്തിപ്പെടുത്തുന്നതിൽ വിട്ടുവീഴ്ച കാണിക്കില്ല. ജനങ്ങൾക്ക് നീതി ഉറപ്പുവരുത്തുംവിധം പോലീസ് സേനയെ മാറ്റാനുള്ള ഇടപെടലാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ജനങ്ങളുടെ സ്വൈര്യജീവിതത്തിന് യാതൊരുവിധ അനാസ്ഥയും പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകാൻ അനുവദിക്കില്ല.

<u>ശ്രീ. അൻവർ സാദത്ത്</u>: പോലീസുകാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകൾക്കെതിരെ സർക്കാർ കർശന നടപടി സ്വീകരിക്കുന്നില്ല. പോലീസ് നൽകിയ റിപ്പോർട്ടുകൾ അതേപടി ഇവിടെ വായിക്കുകയാണ് മുഖ്യമന്ത്രി ചെയ്തത്. മറ്റൊരു വാഹനം സ്വന്തം വാഹനത്തിൽ ഇടിച്ചപ്പോഴുണ്ടാകുന്ന സ്വാഭാവിക പ്രതികരണം മാത്രമാണ് ഉസ്മാന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. സംഭവ സ്ഥലത്തും വാഹനത്തിലും സ്റ്റേഷനിലുംവച്ച് പോലീസ് ഉസ്മാനെ മർദ്ദിക്കുകയുണ്ടായി. ക്വട്ടേഷൻ സംഘത്തെപ്പോലെയാണ് പോലീസ്

പെരുമാറിയത്. എസ്.പി. ഇടപെട്ടതിനുശേഷം മാത്രമാണ് ഉസ്മാനെ ആശുപത്രിയിൽ കൊണ്ടുപോകാൻ തയ്യാറായത്. ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ച ഉസ്മാനെ നിർബന്ധമായി ഡിസ്ചാർജ്ജ് ചെയ്യാൻ പോലീസ് ശ്രമിച്ചു. ഉസ്മാൻ വനിതാ പോലീസിനെ ആക്രമിച്ചുവെന്ന ആരോപണം വസ്തുതാവിരുദ്ധമാണ്. സംസ്ഥാനത്ത് പോലീസ് അതിക്രമം വർദ്ധിച്ചിരിക്കുകയാണ്. പോലീസിന്മേലുള്ള മുഖ്യമന്ത്രിയുടെ നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നു. അതിക്രമം കാണിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും മാറ്റിനിർത്തണം. ഉസ്മാന്റെ ചികിത്സാ ചെലവ് സർക്കാർ ഏറ്റെടുക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): പോക്സോ കേസ്സുമായി ബന്ധപ്പെട്ട് സിവിൽ ഡ്രസ്സിൽ പോയ പോലീസുകാരുടെ വാഹനം മറ്റൊരു വാഹനത്തിൽ ഉരസുകയും സമീപത്തുണ്ടായിരുന്ന ഉസ്മാൻ പ്രശ്നത്തിൽ ഇടപെടുകയും തുടർന്ന് സംഘർഷമുണ്ടാകുകയും ചെയ്തു. ഉത്തരവാദികൾക്കെതിരെ കേസ്സെടുത്ത് അനന്തര നടപടികളിലേയ്ക്ക് പോകുകയായിരുന്നു പോലീസ് ചെയ്യേണ്ടിയിരുന്നത്. പോലീസിന്റെ നടപടിയിൽ പോരായ്മയുള്ളതുകൊണ്ടാണ് ബന്ധപ്പെട്ടവരെ മാറ്റിനിർത്തി അന്വേഷണം നടത്തുന്നത്. സംഘർഷത്തെത്തുടർന്ന് ഉസ്മാനെ അറസ്റ്റ് ചെയ്യുകയും വൈദ്യപരിശോധനയ്ക്ക് കൊണ്ടുപോകുകയും ചെയ്തു. തീവ്രവാദത്തെ

സംരക്ഷിക്കുന്ന നിലപാട് നമ്മുടെ നാടിന് ചേർന്നതല്ല. ശരിയായ നിലപാട് സ്വീകരിച്ചുമുന്നോട്ടുപോകാൻ മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ തയ്യാറാകണം. കേസിനാസ്പദമായ സംഭവത്തിൽ ഉരസിയ വാഹനത്തിന്റെ ഉടമ ടിപ്പർ ലോറി ഡ്രൈവറായ ഇടത്തല സ്വദേശി അനസാണ്. ഉസ്മാൻ സംഭവം കണ്ട് വന്ന വ്യക്തിയാണ്. വാഹന ഉടമ ഉസ്മാനാണെന്ന് പറഞ്ഞ് സഭയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. തെറ്റായ കാര്യങ്ങൾ നടന്നാലും പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടായാലും നടപടി സ്വീകരിക്കും. ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോകുകയും യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു.)

## IV ശ്രദ്ധക്ഷണിക്കൽ

### വേതന പരിഷ്കരണം

ശ്രീമതി ഇ. എസ്. ബിജിമോൾ: സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ

ശിപാർശകളും വേതന പരിഷ്കരണവും ഭവന നിർമ്മാണ പദ്ധതിയും നടപ്പാക്കുന്നതിനും പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): തോട്ടം തൊഴിലാളികളുടെ മിനിമം വേതനം 5 വർഷത്തിനുള്ളിൽ പുതുക്കി നിശ്ചയിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2016-ലെ വിജ്ഞാപനപ്രകാരം തോട്ടം തൊഴിലാളികളുടെ വേതനം 01-07-2015 മുതൽ മുൻകാല പ്രാബല്യത്തോടെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 07-02-2018-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ വേതനം പുതുക്കി നിശ്ചയിക്കണമെന്ന തൊഴിലാളി യൂണിയനുകളുടെ ആവശ്യം ചർച്ച ചെയ്യുകയും തൊഴിലുടമകളുടെ അഭിപ്രായം ആരായാൻ തീരുമാനിക്കുകയും ചെയ്തു. 10-05-2018-ന് തൊഴിലുടമകളുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള തുടർ ചർച്ചകൾ നടത്താൻ തീരുമാനിച്ചു. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്മേൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി സമർപ്പിച്ച ശിപാർശകൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

## V സബ്മിഷൻ

### (1) നബീലിന്റെ തിരോധാനം

ശ്രീ. വി. അബ്ദുറഹിമാൻ: താനൂർ നിയോജക മണ്ഡലത്തിലെ താനാളൂർ വില്ലേജ് വെള്ളിയത്ത് വീട്ടിൽ ഫാത്തിമയുടെ മകൻ നബീലിനെ കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മലപ്പുറം താനാളൂർ വെള്ളിയത്ത് വീട്ടിൽ ഫാത്തിമയുടെ മകൻ നബീലിനെ കാണാതായത് സംബന്ധിച്ച് അമ്മാവൻ മുസ്തഫയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ താനൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

### (2) ബസ് സർവ്വീസ് പുനരാരംഭിക്കൽ

ശ്രീ. ജോൺ ഫെർണാണ്ടസ്: കൊച്ചി നഗരത്തിൽ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച എ.സി. ലോ ഫ്ലോർ ബസ്സുകളുടെ അറ്റകുറ്റപ്പണികൾ നടത്തി സർവ്വീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): നഗര കേന്ദ്രീകൃതമായി ഓടിച്ചുകൊണ്ടിരിക്കുന്ന ലോ ഫ്ലോർ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായി റിപ്പയർ ചെയ്യുവാനുള്ള സാങ്കേതിക വിദ്യ ഇല്ലാത്തതിനാൽ സപ്ലൈ ചെയ്ത കമ്പനികൾ തന്നെയാണ് എഗ്രിമെന്റ് പ്രകാരം റിപ്പയർ ചെയ്തുകൊണ്ടിരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിമൂലം ഇവർക്ക് യഥാസമയം പണം നൽകാൻ കഴിയാത്തതിനാൽ അൻപത്തിയൊന്നോളം ബസ്സുകൾ സർവ്വീസ് നിർത്തിവച്ചിരുന്നു. സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണി നടത്തി എല്ലാ ബസ്സുകളും നിരത്തിലിറക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) ചവറ നാച്വറൽ ഫൈബർ പാർക്കിന്റെ പ്രവർത്തനം

ശ്രീ. എൻ. വിജയൻ പിള്ള: ചവറ നാച്വറൽ ഫൈബർ പാർക്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ചവറ നാച്വറൽ ഫൈബർ പാർക്ക് നവീകരിക്കുന്നതിനും ഉൽപ്പാദനം വിപുലീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. യന്ത്രവത്കൃത കയറുൽപ്പന്ന ഉൽപ്പാദന പാർക്കിൽ നിലവിൽ ഒരു ഷിഫ്റ്റ് സംവിധാനം മാത്രമാണുള്ളത്. അത് മൂന്ന് ഷിഫ്റ്റ് സംവിധാനത്തിലേയ്ക്ക് പോകുമ്പോൾ 250-ഓളം പേർക്ക് തൊഴിൽ നൽകാൻ സാധിക്കും.

(4) <u>കുമ്പളം-നെട്ടൂർ പാലം</u>

<u>ശ്രീ. എം. സ്വരാജ്</u>: കുമ്പളം-നെട്ടൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>): കുമ്പളം-നെട്ടൂർ പാലത്തിന്റെ നിർമ്മാണത്തിന് 11-01-2012-ൽ ഭരണാനുമതി ലഭിച്ചെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് 2014-ലാണ് സമർപ്പിച്ചത്. 9.32 കോടി രൂപയ്ക്കാണ് പാലത്തിന് അംഗീകാരം നൽകിയത്. അപ്രോച്ച് റോഡിനുള്ള സ്ഥലം പൂർണ്ണമായി ലഭിച്ചില്ലെങ്കിലും പാലം നിർമ്മാണം 15-02-2016-ൽ ആരംഭിച്ച് 31-03-2018-ൽ പൂർത്തിയാക്കി. 09-02-2018-ന് അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുകയും പൈലിംഗ് 30-05-2018-ന് ആരംഭിക്കുകയും ചെയ്തു. 2018 ആഗസ്റ്റ് മാസത്തിൽ ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കും.

(5) <u>പുതിയ കോഴ്സുകൾ അനുവദിക്കൽ</u>

<u>ശ്രീ. ബി. സത്യൻ</u>: ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ നിലവിലുള്ള ഭൗതിക

സാഹചര്യം ഉപയോഗപ്പെടുത്തി രണ്ട് കോഴ്സുകളെങ്കിലും ആരംഭിക്കാനാകുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(6) <u>റേഷൻ വിതരണ സംവിധാനം</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർക്കാർ പ്രഖ്യാപിച്ച റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വിതരണത്തിലെ സാങ്കേതിക പ്രശ്നങ്ങൾ സുതാര്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതിന്റെ ഭാഗമായി റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം സുതാര്യവും കുറ്റമറ്റതുമാക്കിയിട്ടുണ്ട്.

## VI റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

<u>കാർഷിക കടാശ്വാസം</u>

കാർഷിക കടാശ്വാസ കമ്മീഷന്റെ രൂപീകരണം സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ ചട്ടം 300 അനുസരിച്ച് പ്രസ്താവന

നടത്തി.

## VIII നിയമനിർമ്മാണകാര്യം

1. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ ജലവിഭവം സംബന്ധിച്ച III- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണപ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ ജലവിഭവം സംബന്ധിച്ച III- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) <u>2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ</u>

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ</u> : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണപ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(സഭ രാവിലെ 10.47-ന് പിരിഞ്ഞു.)